സി.ജി(2)50175/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 03-01-2011.

Email : Kerala rcs@gmail.com
Website : www co-operation. kerala.gov.in
Tel : No. 0471 2330726

# സർക്കുലർ നമ്പർ 1/2011

വിഷയം: സഹകരണ വകുപ്പ് – മത്സ്യതൊഴിലാളി കടാശ്വാസം –സഹകണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന: 6-12-2010-ലെ സ.ഉ.(പി) 91/2010 മതുവ/നമ്പർ ഉത്തരവ്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ പരാമർശിക്കുന്നു.

1. പരമ്പരാഗത രീതിയിലുള്ളതോ, പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾ ഉപയോഗിച്ചോ, ഇരുചക്ര വാഹനത്തിലോ, തലചുമടായോ വിവിധ സ്ഥലങ്ങളിലേക്ക് സമുദ്രജല/ശുദ്ധജല/ഓരുജല മത്സ്യ ഉൽപന്നങ്ങളുടെ വിൽപ്പനയോ നടത്തുന്നയാളും, ടി പ്രവർത്തി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതും, അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയിൽ കവിയാത്ത വരുമാനമുള്ളതുമായ ആളെ മത്സ്യതൊഴിലാളിയായി കണക്കാക്കാവുന്നതാണ്. മത്സ്യ തൊഴിലാളിയുടെ ഭാര്യ, മത്സ്യതൊഴിലാളിയുടെ വിധവയായ ഭാര്യ എന്നിവരേയും മത്സ്യ തൊഴിലാളിയായി പരിഗണിക്കാവുന്നതാണ്.

2. ഒരു കുടുംബത്തിലെ ഭർത്താവായ മത്സ്യതൊഴിലാളിയും, ടിയാന്റെ ഭാര്യയും സംഘത്തിൽ കടക്കാരാണെങ്കിൽ അവർ രണ്ടുപേരെയും കടാശ്വാസ ആനുകൂല്യത്തിനുവേണ്ടി ഒരു യൂണിറ്റായി കണക്കാക്കേണ്ടതും, ടി യൂണിറ്റിന് നൽകുന്ന കടാശ്വാസ തുക ഒരു വ്യക്തിക്ക് അർഹതപ്പെട്ട പരമാവധി കടാശ്വാസ തുകയിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്.

3. ഒരു വ്യക്തിക്കോ/യൂണിറ്റിനോ അനുവദിക്കുന്ന പരമാവധി സർക്കാർ കടാശ്വാസം 75,000/- രൂപയായിരിക്കും.

   ടി തുക കണക്കാക്കുന്നതിന് വ്യക്തിക്കോ/യൂണിറ്റിനോ മത്സ്യഫെഡിൽ നിന്നോ മത്സ്യതൊഴിലാളി സംഘത്തിൽ നിന്നോ ലഭ്യമായതോ/ലഭ്യമാകാൻ സാധ്യതയുള്ളതോ ആയ കടാശ്വാസം കണക്കാക്കേണ്ടതില്ല.

4. ആനുകൂല്യത്തിന് അർഹത നേടുന്ന കടാശ്വാസ തുക വായ്പക്കാരന്റെ ബന്ധപ്പെട്ട വായ്പാ കണക്കിൽ സംഘം വരവ് വയ്ക്കേണ്ടതാണ്.

5. സംഘങ്ങൾ/ബാങ്കുകൾ ആനുകൂല്യത്തിന് അർഹതയുള്ള വായ്പകളുമായി ബന്ധപ്പെട്ട പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കേണ്ടതും, അസ്സൽ മുതലിൽ ബാക്കിയുള്ള സംഖ്യ മാത്രം വായ്പക്കാരന്റെ കടമായി കണക്കാക്കേണ്ടതുമാണ്.

6. ഒരു മത്സ്യതൊഴിലാളിക്ക് അനുവദിച്ച വായ്പയുടെ അസ്സൽ മുതലിന് തുല്യമായ സംഖ്യയും അതിനുപുറമെ ടി സംഖ്യയുടെ പകുതിയെങ്കിലും വരുന്ന സഖ്യയും തിരിച്ചടച്ചിട്ടുണ്ടെങ്കിൽ, ടിയാൻ വായ്പ പൂർണ്ണമായും അടച്ചുതീർത്തതായി കണക്കാക്കി ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് അക്കൗണ്ട് അവസാനിപ്പിച്ച് വായ്പക്കാരനെ ഋണവിമുക്തനാക്കേണ്ടതാണ്.

7. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31-12-1995 വരെ മത്സ്യതൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും, പലിശയുമായി 50% തുകയെങ്കിലും തിരികെ അടച്ച അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസാനിപ്പിക്കേണ്ടതും അവശേഷിക്കുന്ന കടങ്ങൾ/വായ്പകൾ കടാശ്വാസത്തിനായി പരിഗണിക്കേണ്ടതുമാണ്.

8. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 1-1-1996 മുതൽ 31-12-2000 വരെ മത്സ്യതൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും പലിശുമായി 75% തുകയെങ്കിലും തിരികെ അടച്ച വായ്പാ അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസ്സാനിപ്പിക്കേണ്ടതും, അവശേഷിക്കുന്ന കടങ്ങൾ കടാശ്വാസത്തിനായി പരിഗണിക്കേണ്ടതുമാണ്.

9. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 1-1-2000 മുതലുള്ള വായ്പകളിൽ അസ്സൽ മുതലിന് തുല്യമായ സംഖ്യയും, പുറമെ മുതലിന്റെ 50% ത്തിലെങ്കിലും അധിക തുകയും തിരിച്ചടച്ച മത്സ്യതൊഴിലാളികളുടെ വായ്പാ കണക്കുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസ്സാനിപ്പിക്കേണ്ടതും അവശേഷിക്കുന്ന കടങ്ങൾ കടാശ്വാസത്തിനായി പരഗണിക്കേണ്ടതുമാണ്.

10. സഹകരണ സംഘങ്ങൾ/ബാങ്കുകൾ മത്സ്യതൊഴിലാളികൾക്ക് 1-1-2001 മുതൽ 31-12-2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകൾക്ക് 31-12-2009-ൽ ബാക്കി നിൽക്കുന്ന പലിശ തുകയുടെ 25 ശതമാനം വരുന്ന പലിശ തുക മാത്രം കടാശ്വാസത്തിനായി പരിഗണിക്കേണ്ടതാണ്.

11. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നടപ്പാക്കിയ മറ്റേതെങ്കിലും കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച കടക്കാർക്ക് തത്തുല്യമായ തുകയ്ക്ക് മത്സ്യതൊഴിലാളി കടാശ്വാസ ആനുകൂല്യം അനുവദിക്കേണ്ടതില്ല. മറ്റു കടാശ്വാസ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത കടക്കാർ ടി വസ്തുത ഒരു സത്യവാങ്മൂലം മുഖേന വായ്പാ സ്ഥാപനത്തെ ബോധ്യപ്പെടുത്തേണ്ടതാണ്.

12. ഒന്നിൽ കൂടുതൽ വായ്പകളെടുത്തിട്ടുള്ളവരുടെ കാര്യത്തിൽ വായ്പ അനുവദിച്ച തീയതികളുടെ മുൻഗണനാക്രമത്തിൽ അതാത് സഹകരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അക്കൗണ്ടിൽ കടാശ്വാസ തുക വകയിരുത്തേണ്ടതാണ്. ഒരേ തീയതിയിൽ ഒരു വ്യക്തി ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നും കടാശ്വാസത്തിന് അർഹതപ്പെട്ട വായ്പ എടുത്തിട്ടു

ണ്ടെങ്കിൽ, ബാധ്യതകളിൽ ഏത് വായ്പക്കാണ് മുൻഗണന നൽകേണ്ട തെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വായ്പക്കാരനുണ്ടായിരിക്കും.

13. പരമാവധി കടാശ്വാസ തുക ലഭ്യമാക്കിയിട്ടും, കടത്തിൽ നിന്നും പൂർണ്ണ മായ മോചനം കിട്ടാത്തവർക്ക്, അവശേഷിക്കുന്ന കടം വീട്ടുന്നതിന് 31-12-2011 വരെ സമയം അനുവദിക്കാവുന്നതും ആയത് പരമാവധി 12 ഗഡുക്കളായി സ്വീകരിക്കാവുന്നതുമാണ്.

14. കടാശ്വാസ ആനുകൂല്യത്തിനായി തയ്യാറാക്കിയിട്ടുള്ളതും, പരിശോധന യ്ക്കായി 31-12-10-ൽ ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ളതു മായ ആനുകൂല്യപട്ടികയിൽ കടക്കാരന്റെ പേരിലുള്ള വായ്പയുമായി ബന്ധപ്പെട്ട അസ്സൽ മുതൽ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളുവെന്ന് ബന്ധ പ്പെട്ട സഹകരണ സംഘവും/ബാങ്കും, വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പ് വരു ത്തേണ്ടതുമാണ്.

15. കടാശ്വാസമായി ലഭ്യമാകുന്ന തുക വായ്പാ കണക്ക് അവസാനിപ്പിക്കു ന്നതിന് മതിയാവുമെങ്കിൽ വായ്പാ കണക്ക് അവസ്സാനിപ്പിച്ച വിവരം ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പക്കാരനെ അറിയിക്കേണ്ടതാണ്.

16. കടാശ്വാസമായി അനുവദിക്കുന്ന തുകയ്ക്ക് പുറമേ വായ്പാകണക്ക് അവസ്സാനിപ്പിക്കുന്നതിന് തുക ആവശ്യമാണെങ്കിൽ അവശേഷിക്കുന്ന തുക അടച്ച് വായ്പാ കണക്ക് അവസ്സാനിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം വായ്പാക്കാരന് ഉണ്ടായിരുന്നതും, ഇപ്രകാരം വായ്പാ കണക്ക് അവസ്സാ നിപ്പിക്കുമ്പോൾ തവണകളായി വായ്പാക്കാരൻ കൊടുത്തു തീർക്കേണ്ട അസ്സൽ മുതലിന് ബന്ധപ്പെട്ട സംഘം/ബാങ്ക് പലിശ ഈടാക്കാൻ പാടി ല്ലാത്തതുമാണ്.

17. കടാശ്വാസമായി സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമാകേണ്ട തുകയുടെ ആദ്യ ഗഡു ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട സംഘ ങ്ങൾ/ബാങ്കുകൾ മത്സ്യത്തൊഴിലാളികൾ നൽകിയ ജാമ്യ രേഖകൾ/പ്രമാ ണങ്ങൾ എന്നിവ ബന്ധപ്പെട്ടവർക്ക് ഒരുമാസത്തിനകം തിരികെ നൽകേ ണ്ടതാണ്.

18. സംഘങ്ങൾ/ബാങ്കുകൾ ടി ആനുകൂല്യത്തിനായി തയ്യാറാക്കിയിട്ടുള്ള പട്ടികകൾ പ്രീ-ആഡിറ്റ് നടത്തി അർഹത ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ(ആഡിറ്റ്)മാർ ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുമായി ചേർന്ന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ആനുകൂല്യത്തിന് അർഹതപ്പെട്ട തുക സംബന്ധിച്ച പ്രൊപ്പോസൽ 15-1-2011 നകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും, വകുപ്പുതല ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
6. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
8. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ഐസിഡിപി)